മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) ഉണ്ട്. അന്തർ സംസ്ഥാന നദീജല കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായി ഇപ്പോൾ സെക്രട്ടേറിയറ്റിൽ അന്തർ സംസ്ഥാന നദീജലകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ജലസേചന(അന്തർ സംസ്ഥാന ജല) വകുപ്പുതലത്തിൽ ഒരു അണ്ടർ സെക്രട്ടറി, സെക്ഷൻ ആഫീസർ, രണ്ട് അസിസ്റ്റന്റുമാർ, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളും അന്തർസംസ്ഥാന ജലം സംബന്ധിച്ച കാര്യങ്ങൾക്കുള്ള ചീഫ് എൻജീനിയറുടെ തിരുവനന്തപുരത്തെ ആഫീസിൽ രണ്ട് അസിസ്റ്റന്റ് എൻജിനീയർ തസ്തികകളും, ഡൽഹി ആഫീസിൽ രണ്ട് അസിസ്റ്റന്റ് എൻജിനീയർ തസ്തികകളും സൃഷ്ടിക്കാൻ തീരുമാനമായിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ അന്തർസംസ്ഥാന ജല വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാനും ആധുനിക വാർത്താവിനിമയ സംവിധാനങ്ങൾ സ്ഥാപിക്കാനും അവ ചീഫ് എൻജീനിയറുടെ ആഫീസുമായി ബന്ധിപ്പിക്കുവാനും ഉദ്ദേശമുണ്ട്. ഇതിന്റെ മുന്നോടിയായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. ഈ സംവിധാനം നിലവിൽ വരുന്നതോടെ അന്തർസംസ്ഥാന നദീജലം സംബന്ധിച്ച എല്ലാ വിവരങ്ങളും, ഡാം സുരക്ഷ സംബന്ധിച്ച കാര്യങ്ങളും കൃത്യമായി സംഭരിക്കാനും മോണിട്ടർ ചെയ്യാനും സംസ്ഥാനത്തിന് കഴിയും.

ഇതിനെല്ലാം പുറമെ അന്തർ സംസ്ഥാന നദീജല കാര്യങ്ങൾക്കായി മാത്രം ഒരു അഡ്വൈസറേയും നിയമിച്ചു കഴിഞ്ഞു.

7 (*157) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീ. പി. രാജു :

ശ്രീ. എ. കണാരൻ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പദ്ധതികൾക്കാവശ്യമായ കേന്ദ്രസഹായം വകയിരുത്തുന്നതിന് കേന്ദ്രം സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മാനദണ്ഡങ്ങൾ മാറ്റുന്നതിന് ആസൂത്രണ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ ശുപാർശകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രതികരണം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഇ) നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നതിനു മുമ്പ് സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)സംസ്ഥാനങ്ങളുടെ പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും കൂടുതൽ സൗകര്യം നൽകുന്ന ഇന്നത്തെ നില തുടരാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : (എ)സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രസഹായം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

		(ശതമാനം)
(I)	ജനസംഖ്യ	60
(II)	പ്രതിശീർഷവരുമാനം	25
(III)	ജനസംഖ്യാ നിയന്ത്രണം, സാക്ഷരത, സാമ്പത്തിക മാനേജ്മെന്റ്, വിദേശസഹായമുള്ള പദ്ധതികളുടെ നിർവ്വഹണം മുതലായവയിൽ സംസ്ഥാനങ്ങൾ കൈവരിച്ച നേട്ടം	7.5
(IV)	പ്രത്യേക പ്രശ്നങ്ങൾ	7.5

ഇത്തരത്തിലുള്ള കേന്ദ്ര സഹായം നൽകുന്നതിന് നാലാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ ദേശീയ വികസനസമിതിയുടെ അംഗീകാരത്തോടെ 'ബ്ലോക്ക് അസിസ്റ്റൻസ്' എന്ന ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. 1969-70 മുതൽ തുടർന്നുപോരുന്ന ഈ രീതിയനുസരിച്ച് ഒരു വർഷത്തെ കേന്ദ്രസഹായം ഗഡുക്കളായിട്ടാണ് നൽകിവരുന്നത്. അതിൽ ആദ്യത്തെ പത്തുമാസത്തെ ഗഡുക്കൾ നിബന്ധനകളൊന്നും കൂടാതെയും അവസാനത്തെ രണ്ടു ഗഡുക്കൾ ആ വർഷത്തെ പദ്ധതി നടത്തിപ്പിലെ പുരോഗതിയുടെ അടിസ്ഥാനത്തിലുമാണ് ലഭ്യമാക്കിവരുന്നത്.

(ബി) വിവരം ലഭിച്ചിട്ടുണ്ട്. ആസൂത്രണ കമ്മിഷന്റെ പുതിയ നിർദ്ദേശമനുസരിച്ച്, 2000 ഏപ്രിൽ മാസത്തോടുകൂടി ഒരു പ്രത്യേക നിധി രൂപീകരിക്കുന്നതും ഇതിൽ നിന്നും പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ധനസഹായം നൽകുന്നതുമാണ്. ഇതിനുവേണ്ടിയുള്ള ഒരു ധാരണാപത്രം സംസ്ഥാനങ്ങളുമായി ഒപ്പു വയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, 1999 ജൂലൈ മാസം മുതൽ കേന്ദ്രസഹായത്തിന്റെ പ്രതിമാസഗഡുക്കൾ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നൽകുന്നതുമല്ല എന്നും അറിയിച്ചിട്ടുണ്ട്.

(I) മുൻമാസത്തെ പദ്ധതിച്ചെലവിൽ കുറവുണ്ടായിരിക്കുക.

(II) സാമ്പത്തിക ക്രമക്കേടുകൾ നടക്കുകയും നിർബന്ധമായും നടപ്പാക്കേണ്ട പദ്ധതികൾ (ഇയർമാർക്സ് സ്ക്കീംസ്) ക്കുള്ള ചെലവിൽ കുറവുണ്ടായിരിക്കുകയും ചെയ്യുക.

(III)സുപ്രധാന മേഖല (കോർസെക്ടർ) യിലെ പദ്ധതിച്ചെലവിൽ കുറവുണ്ടായിരിക്കുക.

(IV) സംസ്ഥാനങ്ങൾ യഥാസമയം പദ്ധതിരേഖ സമർപ്പിക്കാതിരിക്കുക.

(V) ആസൂത്രണ കമ്മിഷന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മേൽപറഞ്ഞ സാഹചര്യങ്ങളിൽ കേന്ദ്ര ധനകാര്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് കേന്ദ്ര സഹായം നൽകുന്നത് ആസൂത്രണ കമ്മിഷന്റെ ബന്ധപ്പെട്ട ഉപദേഷ്ടാവിന്റെ നിർദ്ദേശം കിട്ടിയശേഷം മാത്രമായിരിക്കും എന്നും അറിയിച്ചിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി നിർദ്ദിഷ്ട നിധിയിൽനിന്ന് കേന്ദ്രസഹായം നൽകുന്ന രീതി നാലാം പദ്ധതിക്കു മുൻപുണ്ടായിരുന്ന സ്ഥിതിവിശേഷം തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞ മുപ്പതു വർഷങ്ങളായി തുടർന്നു പോരുന്ന രീതിയെ തകിടം മറിക്കുന്നതിനും ഇടയാക്കുന്നതാണ്. മാത്രമല്ല, നിർദ്ദിഷ്ഠ നിധി രൂപീകരിക്കുക വഴി സംസ്ഥാനങ്ങൾക്ക് നൽകിവരുന്ന 'ബ്ലോക് അസിസ്റ്റൻസ്' കുറയുന്നതിനും സാദ്ധ്യതയുണ്ട്. മാസഗഡുക്കളായി നൽകിവരുന്ന കേന്ദ്രസഹായത്തിൽ മാറ്റം വരുത്തുന്നത് സംസ്ഥാനങ്ങളുടെ ധനലഭ്യതയേയും പ്രതികൂലമായി ബാധിക്കും. പ്രസ്തുത മാറ്റങ്ങൾ ദേശീയ വികസന സമിതിയിൽ എടുത്തിട്ടുള്ള ചില തീരുമാനങ്ങൾക്ക് വിരുദ്ധവുമാണ്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് അനുവർത്തിച്ചു വരുന്ന ഇന്നത്തെ രീതി തുടരണമെന്ന് ആസൂത്രണ കമ്മിഷനോടും കേന്ദ്രസർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള രീതി തുടരുന്നതിനു വേണ്ടി മറ്റു സംസ്ഥാനങ്ങളുമായി യോജിച്ച് കൂട്ടായ പരിശ്രമം തുടരുന്നതാണ്.

8 (*158) പ്രാദേശിക ടൂറിസം വികസനത്തിന് അതോറിറ്റികൾ

<u>ശ്രീ. വി.ജെ. പൗലോസ്</u> :

<u>ശ്രീ. എം. മുരളി</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനം ലക്ഷ്യമിട്ട് പ്രാദേശികമായി അതോറിറ്റികൾ രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അതോറിറ്റികളുടെ ഘടന എപ്രകാരമായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം ഈ അതോറിറ്റികളുമായി ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പഞ്ചായത്ത് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വ്യവസ്ഥാപിത സ്ഥാപനങ്ങളുടെ അധികാരങ്ങൾ നൽകിക്കൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആണോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) വികസനം ലക്ഷ്യമിട്ട് മുൻകാലങ്ങളിൽ ആരംഭിക്കാൻ നടപടി തുടങ്ങിയ പല അതോറിറ്റികളും സാങ്കേതിക കാരണങ്ങളാൽ വേണ്ടെന്നുവച്ച

LIBRARY ARCHIVES Kerala Legislative Assembly